## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2721 — 12.10.2011–ലെ മറുപടിയ്ക്ക്

## വിലക്കയറ്റം തടയുന്നതിന് സഹകരണമേഖലയുടെ ഇടപെടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. റ്റി. ബൽറാം<br>,, എം. പി. വിൻസെന്റ്<br>,, എം. എ. വാഹീദ്<br>,, പി. എ. മാധവൻ | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യവസ്തുക്കളുടെയും മരുന്നുകളുടെയും വിലക്കയറ്റം തടയുന്നതിന് സഹകരണമേഖല എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത്; | (എ) ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇതിനായി പുതിയ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ മൊബൈൽ ത്രിവേണി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോറുകൾ, വെയർ ഹൗസുകൾ എന്നിവ ആരംഭിക്കാൻ നടപടി എടുക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) ഇവ എത്രയെണ്ണം വീതം തുടങ്ങാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; എങ്കിൽ എന്നത്തേയ്ക്ക് തുടങ്ങാനാകും എന്ന് വ്യക്തമാക്കുമോ? | (ബി) യും (സി) യും കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു മിനി ത്രിവേണി സ്റ്റോർ എന്ന പദ്ധതി നിലവിൽ വരുന്നതോടെ സംസ്ഥാനത്ത് ത്രിവേണി സ്റ്റോറുകൾ ഇല്ലാത്ത സ്ഥലങ്ങൾ ഇല്ല എന്ന സ്ഥിതി സംജാതമാകും. അതോടൊപ്പം പ്രവർത്തന സാധ്യത കണക്കിലെടുത്ത് ത്രിവേണി സൂപ്പർമാർക്കറ്റ്, മെഗാ സൂപ്പർമാർക്കറ്റ് എന്നിവയും കൂടുതലായി ആരംഭിക്കുന്നതാണ്. സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ, രണ്ട് പഞ്ചായത്തിന് ഒരു നീതി മെഡിക്കൽ സ്റ്റോർ എന്ന രീതിയിൽ 500 നീതി മെഡിക്കൽ സ്റ്റോറുകൾ, എല്ലാ ജില്ലകളിലും നീതി മെഡിക്കൽ വെയർ ഹൗസുകൾ എന്നിവയും ആരംഭിക്കുന്നതാണ്. |

മിനി ത്രിവേണി സ്റ്റോർ, ഫെഡറേഷൻ നേരിട്ട് നടത്തുന്ന നീതി മെഡിക്കൽ സ്റ്റോർ, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ, ഒഴുകുന്ന ത്രിവേണി സ്റ്റോർ, നന്മ പദ്ധതി വിപണന കേന്ദ്രങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി മെഡിക്കൽ സ്റ്റോർ തുടങ്ങി, പദ്ധതിയുടെ ഒട്ടുമിക്ക ഘടകങ്ങളും ഇതിനോടകം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു മിനിത്രിവേണി സ്റ്റോർ തുടങ്ങുക.
2. രണ്ട് പഞ്ചായത്തിന് ഒരു നീതി മെഡിക്കൽ സ്റ്റോർ എന്ന രീതിയിൽ ആവശ്യാനുസരണം മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുക.
3. സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ തുടങ്ങുക.
4. ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ 6 എണ്ണം കൂടി ആരംഭിക്കുക.
5. നന്മ പദ്ധതി വ്യാപകമാക്കി വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
6. എല്ലാ ജില്ലകളിലും നീതി മെഡിക്കൽ വെയർ ഹൗസുകൾ ആരംഭിക്കുക.
7. എല്ലാ ജില്ലകളിലും അധികമായി ഓരോ നീതി ഗോഡൗൺ ആരംഭിക്കുക.
8. പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുക.
9. കൂടുതൽ സഹകരണ സംഘങ്ങൾ നീതി മെഡിക്കൽ സ്റ്റോറുകൾ നടത്തുന്നതിന് മുന്നോട്ട് വരികയാണെങ്കിൽ അവർക്ക് അതിനാവശ്യമായ സാങ്കേതിക സഹായവും പ്രോത്സാഹനങ്ങളും കൺസ്യൂമർഫെഡ് നൽകുന്നതാണ്.
10. ഉത്സവകാല വിപണന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ ഉപഭോക്താക്കൾക്ക് അവയിലൂടെയുള്ള ആനുകൂല്യം ലഭ്യമാക്കുന്നതാണ്.